**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ.അനിൽകുമാർ വി.-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.878/2025/H&FWD തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:-

1. 01.06.2023 ലെ സ.ഉ.(സാധാ).നം.1318/2023/ആ.കു.വ
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 19.10.2023 ലെ കെ 4-5794/2023/മെ.വി.വ നമ്പർ കത്ത്
3. 02.11.2023 -ലെ സ.ഉ.(സാധാ).നം.2861/2023/ആ.കു.വ
4. 19.03.2024 - ലെ എസ് 1/176/2023/ആ.കു.വ നമ്പർ കുറ്റാരോപണ മെമ്മോ
5. ഡോ.വി.അനിൽകുമാർ സമർപ്പിച്ച 27/03/2024- ലെ പ്രതിവാദ പത്രിക
6. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 06-04-2024, 23-05-2024 തീയതികളിലെ മെ.വി.വ/5794/2023-കെ4(എഫ്) നമ്പർ കത്തുകൾ.
7. 29-05-2024 ലെ സ.ഉ.(സാധാ).നം 1287/2024/ആ.കു.വ

**<u>ഉത്തരവ്</u>**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗം പ്രൊഫസറായിരുന്ന ഡോ.വി.അനിൽകുമാർ-ന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ നിയമിക്കുകയുണ്ടായി. എന്നാൽ പ്രിൻസിപ്പാൾ തസ്തികയിലെ ചുമതലകളും കർത്തവ്യങ്ങളും ഡോ.വി.അനിൽകുമാർ കൃത്യമായി നിർവ്വഹിക്കുന്നില്ലെന്ന് വിവരം ലഭിച്ചതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ ഡോ.വി.അനിൽകുമാർ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ താഴെപ്പറയുന്ന വീഴ്ചകൾ വരുത്തിയതായി കണ്ടെത്തിയതായി പരാമർശം (2) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി .

i) .CMO പോർട്ടലിൽ ലഭിച്ച പരാതിക്ക് യഥാസമയം മറുപടി നൽകിയിട്ടില്ല.

ii).നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധന സംബന്ധിച്ച ഫയലുകൾ പ്രിൻസിപ്പാൾ പൂട്ടി വച്ച് താക്കോൽ കൈവശം വച്ചിരിക്കുന്നു.

iii).ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസലിന് തുക അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടില്ല.

iv).മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

v).റേഡിയോഡയഗ്നോസിസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടിയെടുത്തിട്ടില്ല.

vi).പരാതികൾ സംബന്ധിച്ച ഫയലുകൾ പ്രിൻസിപ്പാൾ പൂട്ടി വച്ച് താക്കോൽ കൈവശം വച്ചിരിക്കുന്നു

vii).ഫയലുകൾ കൃത്യമായി കൈകാര്യം ചെയ്യുന്നില്ല

viii).താലൂക്ക് വികസന സമിതി യോഗത്തിൽ പ്രിൻസിപ്പാൾ പങ്കെടുക്കുന്നില്ല

ix).പ്രിൻസിപ്പാളിന് ഔദ്യോഗികമായി ലഭിച്ച ഇ മെയിലുകൾ നടപടി കൈക്കൊള്ളുന്നതിന് മുൻപ് ഡിലീറ്റ് ചെയ്തിരിക്കുന്നു.

x).06/10/2023 — ലെ HDS യോഗത്തിൽ പങ്കെടുത്തില്ല.

2) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ.വി.അനിൽകുമാർ-നെ പരാമർശം (3) ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോ നല്കുകയുമുണ്ടായി . കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾക്ക് ഡോ.വി.അനിൽകുമാർ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക അഭിപ്രായം സഹിതം പരാമർശം (6) കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ഡോ.വി. അനിൽകുമാറിന്റെ അഭ്യർത്ഥന പരിഗണിച്ച് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി 21/05/2024 -ൽ ടിയാനെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. തുടർന്ന് ടിയാന്റെ വിശദീകരണം പരിശോധിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിൽ തീർപ്പ് കൽപിക്കുന്നതാണെന്നും, പ്രസ്തുത തീർപ്പിന് വിധേയമായി ടിയാന്റെ സസ്പെൻഷൻ കാലയളവ് പിന്നീട് ക്രമീകരിക്കുന്നതാണെന്നുമുള്ള വ്യവസ്ഥയിൽ പരാമർശം (7) ഉത്തരവ് പ്രകാരം ഡോ.വി.അനിൽകുമാർ-നെ സർവീസിൽ പുനഃ പ്രവേശിപ്പിക്കുകയുണ്ടായി . തുടർന്ന് 31/05/2024 ന് ടിയാൻ സർവീസിൽ നിന്ന് വിരമിക്കുകയും ചെയ്തിരുന്നു.

3) ഡോ.വി.അനിൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ താഴെപ്പറയും പ്രകാരം വിശദീകരണം സമർപ്പിക്കുകയുണ്ടായി.

i)സി.എം.ഒ പോർട്ടലിൽ ലഭിച്ച പരാതിയുടെ പ്രിന്റ് 2334/23 എന്ന നമ്പറിൽ 21-09-2023 ൽ സമർപ്പിച്ചത് വിശദമായ പരിശോധനക്ക് വിധേയമാക്കുകയും ഈ വിഷയത്തിൽ 1335/2027 എന്ന നമ്പറിൽ 23-05-2023 ൽ ഒരു ഫയൽ ഉണ്ടെന്ന് മനസ്സിലാക്കി പ്രിൻസിപ്പാളിന്റെ അലമാരയിൽ തന്റെ മുൻഗാമി വച്ചിരുന്ന ഫയൽ കൂടി എടുത്ത് ഇക്കാര്യത്തിൽ ആദ്യം നടത്തിയ ഓപ്പറേഷനിൽ പരാതിക്കാരന്റെ പരാതിയിൽ ആരോപിക്കുന്ന വിഷയത്തിൽ Expert Panel കൂടി തീരുമാനമെടുക്കുന്നതിനുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനും, വയനാട് ജില്ലാ മെഡിക്കൽ ഓഫീസർക്കും കത്തയച്ചിട്ടുള്ളതാണ്.

ii) നാഷണൽ മെഡിക്കൽ കമ്മീഷന്റെ ഫയൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഖേന പ്രിൻസിപ്പാളിന്റെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും, 2023 ഒക്ടോബർ 4 മുതൽ 7 വരെ താൻ യാത്ര‍ശ്ചികാവധിയിലും 8-ാം തീയതി ഡ്യൂട്ടി ഓഫും ആയിരുന്നതിനാൽ വളരെ പ്രാധാന്യമുള്ള ഫയലുകൾ പ്രിൻസിപ്പലിന്റെ അലമാരയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നുവെന്നും, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഒക്ടോബർ 8-ാം തീയതി ഞായറാഴ്ച പരിശോധിക്കാനെത്തിയതിനാൽ ഓഫീസ് സ്റ്റാഫിന്റെ അഭാവത്താൽ താക്കോൽ എടുത്ത് ഡി.എം.ഇ യ്ക്ക് കൊടുക്കാനായില്ലെന്നും, അവധി കഴിഞ്ഞ് വന്നതിനെ തുടർന്ന് ഫയൽ മടക്കി ബന്ധപ്പെട്ട സെക്ഷന് നൽകുന്നതിന്

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് അയച്ചതായും ഡോ.വി.അനിൽകുമാർ ബോധിപ്പിക്കുകയുണ്ടായി . പ്രിൻസിപ്പാൾ അവധിയിലായതിനാൽ പകരം ചാർജ് നൽകിയിരുന്ന ഉദ്യോഗസ്ഥന് അലമാരയുടെ താക്കോൽ കൈമാറേണ്ടതായിരുന്നുവെന്നും ഭരണ നിർവഹണത്തിലെ ഡോ.വി.അനിൽകുമാർ- ന്റെ പരിചയക്കുറവ് മൂലമാകാം അങ്ങനെ ചെയ്യാതിരുന്നത് എന്നതിനാൽ ടിയാൻ നൽകിയ മറുപടി അംഗീകരിക്കാമെന്നും ഡി എം ഇ ശിപാർശ ചെയ്യുകയുണ്ടായി.

iii) ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസലിന് തുക അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടില്ലെന്ന ആരോപണത്തിന് വയനാട് മെഡിക്കൽ കോളേജിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ജോലി ചെയ്ത ഉദ്യോഗസ്ഥൻ 31.05.2023 ൽ വിരമിച്ചതിനുശേഷം പ്രസ്തുത ഒഴിവ് 11.10.2023 ലാണ് പ്രൊമോഷൻ മുഖേന നികത്തിയതെന്നും, അക്കൗണ്ട്സ് സംബന്ധമായ ഫയലുകൾ അക്കൗണ്ട്സ് ഓഫീസർ മുഖേന തന്നെയാവണം പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടത് എന്നതിനാൽ പുതിയ അക്കൗണ്ട്സ് ഓഫീസർ ചാർജ്ജെടുത്ത ഉടൻ തന്നെ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടിക്കായി നിർദ്ദേശം നൽകുകയും അതനുസരിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് അയയ്ക്കുകയും ചെയ്തതായി പ്രതിവാദ പത്രികയിൽ ഡോ.വി.അനിൽകുമാർ ബോധിപ്പിച്ചിട്ടുണ്ട്.

iv) വയനാട് മെഡിക്കൽ കോളേജായി പ്രവർത്തിച്ചു വരുന്നത് വയനാട് ജില്ലാ ആശുപത്രി ആയതിനാൽ, ജില്ലാ ആശുപത്രിയിലെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ വയനാട് മെഡിക്കൽ കോളേജ് റെക്കോർഡ്സ് ലൈബ്രേറിയനായി തുടർന്നുവരികയായിരുന്നുവെന്നും, ജില്ലാ ആശുപത്രിയിലെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഭരണ നിയന്ത്രണത്തിലുള്ളത് മെഡിക്കൽ കോളേജിലേക്ക് സാങ്കേതികമായി മാറ്റുകയും നിലവിലെ ജീവനക്കാരൻ സ്ഥലം മാറുകയോ മാറ്റുകയോ ചെയ്താൽ മാത്രമേ പ്രസ്തുത തസ്തികയിൽ ഒഴിവുണ്ടാവുകയുള്ളൂ എന്നതിനാൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഒഴിവില്ലാതിരുന്നതിനാലാണ് ഡയറക്ടർക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യാതിരുന്നതെന്നും ഡോ അനിൽ കുമാർ ബോധിപ്പിക്കുകയുണ്ടായി.

v) റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ ഉണ്ടായിരുന്ന ഒഴിവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് 04.10.2023 ൽ റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത തസ്തികയിൽ അഡീഷണൽ പ്രൊഫസർ ഡോക്ടർ നൗഫലിനെ നിയമിക്കുകയും ടിയാൻ ചാർജെടുക്കുകയും ചെയ്തിട്ടുണ്ടെന്നും ഡോ.വി. അനിൽ കുമാർ ബോധിപ്പിക്കുകയുണ്ടായി .

vi) ഓഫീസിൽ തപാലിൽ ലഭിക്കുന്ന പരാതികൾ ഫയലാക്കി തീരുമാനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഖേന സമർപ്പിക്കുന്ന ഫയലുകൾ പ്രിൻസിപ്പാൾ എന്ന നിലയിൽ പരിശോധിച്ച് മടക്കുന്നതുവരെ പ്രിൻസിപ്പാളിന്റെ ഓഫീസിൽ സൂക്ഷിക്കുന്നതിനുവേണ്ട നിർദ്ദേശം സ്റ്റാഫിന് നൽകിയിട്ടുണ്ടായിരുന്നുവെന്നും, ഒരു സർജറി വിദഗ്ദനായ തനിക്ക് ദിവസവും സർജറി നടത്തേണ്ടതായിട്ടുള്ളതിനാൽ അത് കഴിഞ്ഞ് ഫയൽ പരിശോധിച്ച് തീരുമാനമെടുത്ത് ബന്ധപ്പെട്ട സെക്ഷന് ഫയൽ മടക്കി നൽകുകയാണ് നിലവിലെ രീതി എന്നതിനാൽ ഫയൽ നോക്കി തീർപ്പാക്കുന്നതുവരെ ഫയൽ ഓഫീസിൽ സൂക്ഷിക്കുന്നതിനുള്ള ബാധ്യത പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണെന്നും, അപ്രകാരമുള്ള ചുമതലയാണ് താൻ നിർവ്വഹിച്ചിട്ടുള്ളതെന്നും ഡോ.വി.അനിൽകുമാർ ബോധിപ്പിക്കുകയുണ്ടായി . ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമായി കണക്കാവുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

vii) ഓഫീസിൽ ലഭിക്കുന്ന തപാലുകൾ ബന്ധപ്പെട്ട സെക്ഷൻ ഫയലാക്കി ഓരോ ശ്രേണിയിലുമുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഖേന പ്രിൻസിപ്പാളിന് വരുന്ന ഫയലുകൾ

യഥാസമയം പരിശോധിച്ച് തീരുമാനമെടുത്ത് ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് മടക്കി അയക്കുന്ന രീതി തുടരുന്നതിനാൽ ഫയലുകൾ കൃത്യമായി കൈകാര്യം ചെയ്തിരുന്നതായി ഡോ.വി.അനിൽ കുമാർ ബോധിപ്പിക്കുകയുണ്ടായി .ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

viii) താലൂക്ക് വികസന സമിതി യോഗത്തിൽ പ്രിൻസിപ്പാൾ പങ്കെടുക്കുന്നില്ലെന്ന ആരോപണം അടിസ്ഥാന രഹിതമാണെന്നും, താൻ പ്രിൻസിപ്പാളായി ചാർജെടുത്ത ശേഷം നടന്ന താലൂക്ക് വികസന സമിതി യോഗങ്ങളിലെല്ലാം പങ്കെടുത്തിട്ടുണ്ടെന്നത് ബന്ധപ്പെട്ട യോഗത്തിന്റെ മിനിട്ട്സ് പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണെന്നും അനിൽ കുമാർ ബോധിപ്പിക്കുകയുണ്ടായി.

ix) പ്രിൻസിപ്പാളിന് ഔദ്യോഗികമായി ലഭിച്ച ഇമെയിലുകൾ നടപടി കൈക്കൊള്ളുന്നതിന് മുമ്പ് ഡിലീറ്റ് ചെയ്തിരിക്കുന്നുവെന്ന ആരോപണത്തിൽ, ഓഫീസിൽ ഇ-മെയിലിൽ ലഭിക്കുന്ന തപാലുകൾ പ്രിന്റ്ഔട്ട് എടുത്ത് ഫയലാക്കി സമർപ്പിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുഖേനയാണെന്നതിനാൽ ഇ-മെയിൽ വരുന്ന തപാലുകൾ പ്രിൻസിപ്പാൾ ഡിലീറ്റ് ചെയ്യുന്നു എന്ന ആരോപണം ശരിയല്ലെന്ന ഡോ.അനിൽകുമാറിന്റെ മറുപടി പ്രിൻസിപ്പാളിന്റെ ഔദ്യോഗിക ഇ-മെയിൽ ഓഫീസ് ജീവനക്കാർ ഉപയോഗിക്കുന്നുണ്ട് എന്നതിനാൽ അംഗീകരിക്കാവുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

X). വ്യക്തിപരമായ അടിയന്തിര ആവശ്യത്തിൽ ആകസ്മിക അവധിയിൽ ആയിരുന്നതിനാലാണ് 06-10-2023 ലെ എച്ച്.ഡി.എസ് യോഗത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നതെന്ന ഡോ. അനിൽ കുമാർ വി- യുടെ മറുപടി അംഗീകരിക്കാവുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4). ഡോ.വി.അനിൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രിക മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ.വി.അനിൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയും ആയതിന്മേലുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ ടിയാൻ മനപ്പൂർവ്വമായി വീഴ്ചകൾ വരുത്തിയിട്ടില്ല എന്ന് ബോധ്യമാകുന്നുണ്ട്. കൂടാതെ അഴിമതിയോ, സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതോ, പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുവാൻ കാലതാമസം വരുത്തുന്നതോ ആയ എന്തെങ്കിലും പ്രവർത്തികൾ ടി ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഉണ്ടായതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ ടിയാന്റെ ദീർഘ കാലത്തെ സേവന കാലയളവിൽ മറ്റ് നടപടികളൊന്നും നേരിട്ടില്ലെന്നതും , ടിയാൻ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതും പരിഗണിച്ച് വയനാട് സർക്കാർ മെഡിക്കൽ കോളേജിലെ മുൻ പ്രിൻസിപ്പൽ ഡോ.വി.അനിൽകുമാർ - നെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് സർക്കാർ ഉത്തരവാകുന്നു .

5) ടിയാന്റെ 02.11.2023- മുതൽ 29.05.2024- വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്ന കാര്യത്തിൽ പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജനാർദ്ദനൻ കെ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, വയനാട്

ഡോ.വി.അനിൽകുമാർ, മങ്കൊമ്പിൽ ഹൗസ്,യൂണിയൻ ക്ലബ്ബിന് സമീപം,കോട്ടയം -686001

(ഡി.എം.ഇ മുഖാന്തരം)

വെബ് &ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/176/2023/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 25-03-2025 21:46:30

സെക്ഷൻ ഓഫീസർ